# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6593, 09.07.2014 ൽ മറുപടിയ്ക്ക്

### 'ഇ.എസ്.ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായം'

| ചോദ്യം<br><br>ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ബഹു. ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സർക്കാർ ഡോക്ടർമാരുടെ പെൻഷൻ പ്രായം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്രയായിരുന്നു ; | 55 വയസ് |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്രയായി വർദ്ധിപ്പിച്ചു ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ ഡോക്ടർമാരുടെ പെൻഷൻ പ്രായം ചുവടെയുള്ള പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.<br>(1) 30.03.2012 ലെ സ. ഉ (കൈ) നം.105/ 2012/എച്ച്& എഫ്.ഡബ്ല്യു.ഡി പ്രകാരം സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെ ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു.<br>(2) 07.04.2012 ലെ സ. ഉ (കൈ) നം.107/ 2012/എച്ച്& എഫ്.ഡബ്ല്യു.ഡി പ്രകാരം ആയുർവേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു.<br>(3) 09.04.2012 ലെ സ.ഉ (കൈ) നം.108/ 2012/എച്ച്&എഫ്.ഡബ്ല്യു.ഡി പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു.<br>(4) 26.02.2014 ലെ സ. ഉ (കൈ) നം.31/ 2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് |

| | | |
|---|---|---|
| | | മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസായി വർദ്ധിപ്പിച്ചു.<br>(5) 26.03.2014 ലെ സ. ഉ (കൈ) നം.110/ 2014/ആ.കു.വ പ്രകാരം 31.08.2014 വരെ വിരമിയ്ക്കുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള (ഹെൽത്ത് സർവ്വീസസ്) ഡോക്ടർമാരുടെ സേവന കാലാവധി 6 മാസം നീട്ടി നൽകി.<br>(6) 27.06.2014 ലെ സ. ഉ (കൈ) നം.74/ 2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു.<br>ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (സി) | ഇ.എസ്.ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായം സർക്കാർ ഡോക്ടർമാരുടേതിന് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസും മറ്റു വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസുമാണ്. |
| (ഡി) | ഇ.എസ്.ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായവും മറ്റുള്ളവരുടേതിനോട് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ ? | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**